# തദ്ദേശ സ്വയംഭരണ വകുപ്പ്
## ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030
ഫോൺ: 0484 – 2422219, ഇ-മെയിൽ : jdlsgdekm@gmail.com


LSGD/JD/EKM/1970/2023–D9

തീയതി : 27.02.2024

സ്വീകർത്താവ്,
സെക്രട്ടറി
അങ്കമാലി മുനിസിപ്പാലിറ്റി

സർ,

വിഷയം :– ത.സ്വ.ഭ.വ. സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് എറണാകുളം ജില്ല – ബിൽഡിംഗ് നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീ.കെ.ജി.എൽദോസ്, കക്കാട്ടിൽ വീട്, എന്നയാൾ നവകേരള സദസിൽ സമർപ്പിച്ച പരാതി – സംബന്ധിച്ച്.

സൂചന :– പരാതി Docket No. EKM075/0211

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ശ്രീ.കെ.ജി.എൽദോസ്, കക്കാട്ടിൽ വീട് ഐരാപുരം പി.ഒ. അങ്കമാലി മുനിസിപ്പാലിറ്റി എന്നയാൾ നവകേരള സദസിൽ സമർപ്പിച്ച പരാതിയിൽ, 11/248A നമ്പർ നൽകിയിട്ടുള്ള 800 സ്ക്വയർ ഫീറ്റ് വരുന്ന താഴത്തെ നിലയും മുകളിലത്തെ നിലയും, 500 സ്ക്വയർ ഫീറ്റ് വരുന്ന താമസിക്കാനുള്ള മുറികളും 05.01.2023 ൽ ടിയാൻ വാങ്ങിയിട്ടുള്ളതാണെന്നും അതിൽ അനധികൃത നിർമ്മാണമുള്ളത് നഗരസഭയുടെ നിർദ്ദേശ പ്രകാരം പൊളിച്ചു മാറ്റിയിട്ടുള്ളതാണെന്നും എന്നാൽ ഈ വർഷവും അനധികൃത നിർമ്മാണത്തിന്റെ പേരിൽ 50,000/– രൂപയോളം അടക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയുമാണ് എന്നും 50,000/– രൂപ അടച്ചാൽ മാത്രമേ UA നമ്പർ മാറ്റിത്തരികയുള്ളൂ എന്നും അറിയിച്ചിരിക്കുകയാണ്. അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റിയിട്ടുള്ളതിനാൽ ഇനിയും ലൈസൻസ് ലഭിക്കാതെ പൂട്ടിക്കിടക്കുന്ന കെട്ടിടത്തിന് ഫൈൻ ചുമത്താതെ പരിഹാരമുണ്ടാക്കിത്തരണമെന്നും പറഞ്ഞിട്ടുണ്ട്.

സെക്രട്ടറിയുടെ മറുപടി പരിശോധിച്ചതിൽ പരാതിക്കാരന്റെ അപേക്ഷയിൽ പറഞ്ഞിട്ടുള്ള വസ്തുതാപരമായ കാര്യം അംഗീകരിച്ചിട്ടുള്ളതായും അനധികൃത നിർമ്മാണം പൊളിച്ചു നീക്കം ചെയ്തിട്ടുള്ളതായി 05.12.2023 നും 13.12.2023 നും ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും അനധികൃത നിർമ്മാണം പൊളിച്ചു നീക്കിയിട്ടുണ്ടെങ്കിലും നികുതി കുടിശ്ശിക

ഒടുക്കിയതിനു ശേഷം UA അസസ്മെന്റ് ക്യാൻസൽ ചെയ്യാവുന്നതും റഗുലർ നമ്പർ ലഭ്യമാക്കാവുന്നതുമാണ് എന്നും പറഞ്ഞിട്ടുള്ളതായി കാണുന്നു.

പരാതിക്കാരൻ അനധികൃത നിർമ്മാണം പൊളിച്ചു നീക്കിയിട്ടുണ്ട് എന്നു പറഞ്ഞു കൊണ്ട് രേഖാമൂലം അപേക്ഷ നൽകിയതിനുമേൽ ഓവർസിയർ പരിശോധന നടത്തി അനധികൃത നിർമ്മാണം പൊളിച്ചു നീക്കം ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, പരാതിക്കാരൻ രേഖാമൂലം അപേക്ഷ നൽകിയ തീയതി മുതൽ അനധികൃത നിർമ്മാണം പൊളിച്ചു നീക്കിയതായി കാണാവുന്നതാണ്. അന്നു മുതൽ കെട്ടിടത്തിനു റഗുലർ നമ്പർ നൽകാവുന്നതുമാണ്.

നികുതി കുടിശ്ശിക അടച്ചതിനു ശേഷം മാത്രമേ റഗുലർ നമ്പർ നൽകുകയുള്ളൂ എന്ന സെക്രട്ടറിയുടെ നിലപാട് നിയമത്തിന്റെ പിൻബലമില്ലാത്തതാണ്. നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്. ആയതിനാൽ നിയമാനുസൃതം പരാതിക്കാരന്റെ അപേക്ഷ പരിശോധിച്ച് റഗുലർ നമ്പർ നൽകുവാനുള്ള നടപടി സ്വീകരിക്കേണ്ടതും എടുത്ത നടപടി സംബന്ധിച്ച കാര്യകാരണ സഹിതം ഈ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ

27.02.24

കൺവീനർ & അസിസ്റ്റന്റ് ഡയറക്ടർ
സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് ജില്ലാ സമിതി
തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം.

OFFICE OF THE JOINT DIRECTOR, LSGD, ERNAKULAM
CIVIL STATION KAKKANAD

പകർപ്പ് - ശ്രീ.കെ.ജി.എൽദോസ്,
കക്കാട്ടിൽ വീട്, ഐരാപ്പുരം പി.ഒ.
പെരുമ്പാവൂർ - 683541.